**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 142** **05-07-2022 - ൽ മറുപടിയ്ക്ക്**

**വിള ഇൻഷുറൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ്, ശ്രീ .പി. കെ. ബഷീർ , ശ്രീ. കുറുക്കോളി മൊയ്തീൻ, ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ. പി. പ്രസാദ് (കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രകൃതി ദുരന്തം, വന്യമൃഗങ്ങളുടെ ആക്രമണം എന്നിവ മൂലമുണ്ടാകുന്ന കൃഷി നാശത്തിന് വിള ഇൻഷുറൻസ് പദ്ധതി പ്രകാരം നൽകുന്ന നഷ്ടപരിഹാര തുക ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ആയത് ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (എ) | വിള ഇൻഷുറൻസ് പദ്ധതി മാനദണ്ഡങ്ങളനുസരിച്ച് പദ്ധതിയിൽ അംഗമാകുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കൽ, പോളിസി വിതരണം, നഷ്ടപരിഹാരത്തിനുള്ള അപേക്ഷ സമർപ്പിക്കൽ, അപേക്ഷയിന്മേലുള്ള അന്വേഷണം പൂർത്തീകരിക്കൽ എന്നിവയ്ക്കായി സ്വാഭാവികമായ കാലതാമസം ഉണ്ടാകാറുണ്ടായിരുന്നു. എന്നാൽ കൃഷി വകുപ്പിന്റെ ഓൺലൈൻ സംവിധാനമായ എയിംസ് പോർട്ടൽ നിലവിൽ വന്നതിനെ തുടർന്ന് 2020 ആഗസ്റ്റ് മാസം മുതൽ വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗമാകുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങൾ എയിംസ് പോർട്ടൽ മുഖേന ഓൺലൈൻ ആയാണ് ചെയ്തുവരുന്നത്. വിള ഇൻഷുറൻസ് പദ്ധതി എയിംസ് പോർട്ടലിൽ ഉൾപ്പെടുത്തിയതിലൂടെ കർഷകർക്ക് പദ്ധതിയിൽ അംഗമാകുന്നതിനും, പോളിസി വിതരണം, നഷ്ടപരിഹാരം നേരിട്ട് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് Centralised DBT സംവിധാനത്തിലൂടെ നൽകുന്നത് എന്നിവ യഥാസമയം നടപ്പിലാക്കി അതുവഴി കാലതാമസം ഒഴിവാക്കി ആനുകൂല്യം കർഷകർക്ക് ലഭ്യമാക്കുന്നതിന് സാധ്യമാകുന്നു. |
| (ബി) | ഈ പദ്ധതി പ്രകാരം ഇനിയും കൊടുത്തു തീർക്കാനുള്ള നഷ്ടപരിഹാര തുക കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ബി) | ഉണ്ട്. 01.08.2020 മുതൽ 25.06.2022 വരെയുള്ള എയിംസ് പോർട്ടലിലെ റിപ്പോർട്ട് പ്രകാരം 3108.08183 ലക്ഷം രൂപയും മാമ്പൽ ആയി ഇൻഷുർ ചെയ്ത കർഷകർക്ക് നൽകുന്നതിനായി 782.93975 ലക്ഷം രൂപയും ചേർത്ത് ആകെ 3891.02158 ലക്ഷം രൂപ സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി പ്രകാരം കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുവാനായി ആവശ്യമുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ നഷ്ടപരിഹാരം നൽകുന്നതിനായി 13.06.2022 തീയതിയിലെ സ.ഉ. |

| | | | |
|---|---|---|---|
| | | | (സാധാ) നം.520/2022/അഗ്രി പ്രകാരം 3000.00 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ ആവശ്യത്തിനായി കൂടുതൽ തുക ആവശ്യമുള്ളതിനാൽ SDG പ്രകാരം 3000 ലക്ഷം രൂപ അധികമായി ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ